## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3709 — 17.12.2015 ൽ മറുപടിയ്ക്ക്

### ആലപ്പുഴ ജില്ലയിലെ മോഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷം ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; അതിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) | ആലപ്പുഴ ജില്ലയിൽ 2014-ൽ 416 വിവിധ തരം മോഷണ കേസുകളും 2015-ൽ (30.11.2015 വരെ) 339 വിവിധ തരം മോഷണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ 2014-ൽ 74 വിവിധ തരം മോഷണ കേസുകളും 2015-ൽ (30.11.2015 വരെ) 59 വിവിധ തരം മോഷണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരത്തിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) | അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നിരുന്നാലും മോഷണങ്ങൾ തടയുന്നതിനും മറ്റുമായി രാത്രികാല ജീപ്പ്, ബൈക്ക് പട്രോളിംഗ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. പട്രോളിംഗ് സമയത്ത് റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം ഉറപ്പു വരുത്തുന്നുണ്ട്. മോഷണങ്ങളും മറ്റും തടയുക എന്ന ഉദ്ദേശത്തോടെ വ്യാപാര സ്ഥാപനങ്ങളിലും മറ്റും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു. മോഷണങ്ങൾ തടയുവാൻ ജനങ്ങൾ അനുവർത്തിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകളും മറ്റും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ